## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 800 17.07.2014 ൽ മറുപടിയ്ക്ക്

### പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. പുരുഷൻ കടലുണ്ടി<br>" ആർ. രാജേഷ് | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട ജനതയുടെ പുരോഗതിക്കായി എന്തെങ്കിലും നയം രൂപീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി സമീപന രേഖ പ്രകാരം പന്ത്രണ്ടാം പദ്ധതികാലത്ത് ദുർബല വിഭാഗങ്ങൾക്ക് താഴെ പറയുന്ന നേട്ടങ്ങൾ കൈവരിക്കാൻ ലക്ഷ്യമിടുന്നു.<br>• അർഹരായ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും വീടും.<br>• പത്താം ക്ലാസ്സ് പാസ്സായവർക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകി പ്രത്യേക നൈപുണ്യ വികസന (Skill Development) പരിശീലനങ്ങൾ നടപ്പിലാക്കും.<br>• ഒരു കുടുംബത്തിലെ ഒരാളെങ്കിലും സ്വയം തൊഴിൽ മേഖലയിലോ അല്ലെങ്കിൽ സംഘടിത മേഖലയിലോ തൊഴിലുള്ളവരായിരിക്കണം.<br>• കുടുംബാധിഷ്ഠിത സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകും. പട്ടികജാതി പട്ടികവർഗ്ഗ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകും.<br>• ദുർബ്ബലവിഭാഗങ്ങൾക്കിടയിലെ ഭൂരഹിതർക്കായി കരാർ കൃഷിയും കാർഷിക പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്.<br>• ദുർബ്ബലവിഭാഗങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സംവിധാനം ആവിഷ്കരിക്കും.<br>• സർക്കാരിന്റെ ക്ഷേമ പരിപാടികളെക്കുറിച്ച് ദുർബ്ബലവിഭാഗങ്ങളെ ബോധവൽക്കരിക്കുന്നതിന് ബോധവൽക്കരണ പരിപാടിക്ക് തുടക്കം കുറിക്കുന്നതാണ്.<br>• വിദേശത്ത് തൊഴിലവസരങ്ങളന്വേഷിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ യുവജനങ്ങൾക്ക് |

(----- 2)

| | | | |
|---|---|---|---|
| | | | ആവശ്യമായ ധനസഹായം നൽകും.<br>• പട്ടികജാതി/പട്ടികവർഗ്ഗ വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളേയും മറ്റ് ഏജൻസികളേയും പ്രോത്സാഹിപ്പിക്കും.<br>• അടുത്ത കാലത്ത് രൂപീകൃതമായ ന്യൂനപക്ഷ ക്ഷേമവകുപ്പിനെ ശക്തിപ്പെടുത്തും.<br>• പ്രശസ്ത ദേശീയ/അന്തർദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം തേടുന്ന സമർത്ഥരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ ധനസഹായം നൽകും.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്.)നം. 362/13/തസ്വഭവ, തീയതി: 16/11/2013) പ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്നുണ്ട്. പട്ടികജാതി വിഭാഗക്കാർക്ക് പ്രത്യേക ഘടക പദ്ധതിയും, പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഇല്ലായ്മകൾ പരിഹരിക്കുന്നതിന് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് പട്ടികജാതി വികസന നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കരട് നയം രൂപീകരിച്ച് സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഭിപ്രായങ്ങൾ സ്വരൂപിച്ചുകൊണ്ടിരിക്കുന്നതിനാൽ നയം പൂർണ്ണ രൂപത്തിലായിട്ടില്ല.<br>പിന്നോക്ക സമുദായ വികസനത്തിനായി പ്രത്യേക നയം രൂപീകരിച്ചിട്ടില്ല. |
| (ബി) | വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ വിജയകരമായി നടപ്പിലാക്കിയതിനാൽ പ്രസ്തുത വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ ലഘൂകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (ബി)<br>&<br>(സി) | വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി പട്ടികജാതിപട്ടികവർഗ്ഗ വികസനത്തിനായി വകയിരുത്തുന്ന മൊത്തം തുകയുടെ നിശ്ചിത ശതമാനം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ചെലവഴിക്കുന്നത്. ഇപ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾവഴി പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഈ വിഭാഗക്കാരുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയുകയും ഫലപ്രദമായി പദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയും ചെയ്യുന്നു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ മൊത്തത്തിലുള്ള പിന്നോക്കാവസ്ഥ |
| (സി) | എങ്കിൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രസ്തുത ജനവിഭാഗത്തിനു വേണ്ടിയുള്ള ഓരോ പദ്ധതി നടപ്പാക്കുന്നതിലും വികേന്ദ്രീകൃതാസൂത്രണ | | |

| | | | |
|---|---|---|---|
| | പ്രക്രിയ ഉറപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടില്ല.<br>പിന്നാക്ക സമുദായങ്ങളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതി സംബന്ധിച്ച് വിശദാംശങ്ങൾ ഗ്രാമ വികസന വകുപ്പ് വഴി നടത്തുന്ന സാമൂഹ്യ സാമ്പത്തിക സെൻസസിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറക്കേ വിലയിരുത്താനാവുകയുള്ളൂ. |

Sali K.J

സെക്ഷൻ ഓഫീസർ